I/84235/2023

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം (മിഷൻ വാത്സല്യ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

**(ഹാജർ: പ്രിയങ്ക. ജി IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/4596/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 02-03-2023

---

| | |
|---|---|
| വിഷയം: | വനിത ശിശു വികസന വകുപ്പ്- മിഷൻ വാത്സല്യ – ഓപ്പൺ ഷെൽട്ടർ, ഡോൺ ബോസ്കോ വീട് സൊസൈറ്റി, തിരുവനന്തപുരം – 2021 - 22 സാമ്പത്തിക വർഷത്തെ ഗ്രാൻറ് അനുവദിച്ച് ഉത്തരവാകുന്നു. |
| പരാമർശം : | 1.തിരുവനന്തപുരം DCPO യുടെ 15.09.2021 ലെ DCPO/T/A2/3221/21 നമ്പർ കത്ത്<br>2. കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F. No.CW-II-22/30/2015-CW-II തീയതി 31.03.2022. |

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ (മിഷൻ വാത്സല്യ) കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡോൺ ബോസ്കോ വീട് സൊസൈറ്റി എന്ന സ്ഥാപനം 2021 - 22 സാമ്പത്തിക വർഷത്തേക്കുള്ള ഗ്രാൻറിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ അന്വേഷണം നടത്തി സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി ഗ്രാൻറ് അനുവദിക്കുന്നതിനായി ശിപാർശ ചെയ്ത് പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഡോൺ ബോസ്കോ വീട് സൊസൈറ്റിക്ക് പരാമർശം (2) പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഡോൺ ബോസ്കോ വീട് സൊസൈറ്റിയുടെ 2021 - 22 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശിപാർശയുടെയും Charted Accountant ന്റെ Utilization Certificate ന്റേയും അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ 14,69,774/- രൂപയിൽ നിന്നും 10% NGO വിഹിതമായ 1,46,977/- രൂപ കുറവ് ചെയ്ത് **13,22,797/-രൂപ (പതിമൂന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ**

മാത്രം) ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | Items | As per Guideline | Amount Utilised as per UC | DCPU ശുപാർശ ചെയ്ത തുക | Admissible Amount |
|---|---|---|---|---|---|
| | Non Recurring Expense | | | | |
| 1 | Maintenance | 6,00,000 | 6,63,304 | 4,08,000 | 4,08,000 |
| 2 | Rent | 2,10,000 | Nil | 12,000 | Nil |
| 3 | Water & Electricity | 31,200 | 28,574 | 31,200 | 28,574 |
| 4 | Salary to Staff | 9,54,000 | 9,54,000 | 9,54,000 | 9,54,000 |
| 5 | Transportation Charges | 31,200 | 47,725 | 31,200 | 31,200 |
| 6 | Miscellaneous | 48,000 | 48,748 | 24,000 | 24,000 |
| 7 | Contigencies | 31,200 | 36,460 | 24,000 | 24,000 |
| | | | | | |
| | Total | | | | 14,69,774 |
| | 10% NGO Share | | | | 1,46,977 |
| | Grant Total | | | | 13,22,797 |

ടി തുക 13,22,797/-രൂപ (പതിമൂന്നു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഏഴുന്നൂറ്റി തൊണ്ണൂറ്റി ഏഴു രൂപ മാത്രം) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ 1.21 കംപോണൻറിൽ (NGO Open Shelter ) നിന്നും തിരുവനന്തപുരം ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക ഇതോടോപ്പമുള്ള അനുബന്ധം പ്രകാരം തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിDiyaറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതുമാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക ഡോൺ ബോസ്കോ വീട് സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഡോൺ ബോസ്കോ വീട് സൊസൈറ്റിയിൽ നിന്നും തുക കൈപ്പറ്റികൊണ്ടുള്ള രസീത്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, ഓഡിറ്റ് സ്റ്റേറ്റ്മെൻറ്, വാർഷിക റിപ്പോർട്ട് എന്നിവ യഥാസമയം ഈ

I/84235/2023

കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ,തിരുവനന്തപുരം.

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, തിരുവനന്തപുരം.
3. ICPS -10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 02-03-2023 12:24:02